പരിക്കേറ്റനിലയിൽ കണ്ട കാട്ടാനയെ മയക്കുവെടിവച്ചു

മണ്ണാർക്കാട്: കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ തിരുവിഴാംകുന്ന് ഭാഗത്ത് ജനവാസ കേന്ദ്രത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ഭീതി പരത്തിയ കാട്ടാനയെ മയക്കുവെടിവച്ചു പിടികൂടി. ആനയ്ക്ക് കാലിനു പരിക്കുള്ളതായി നാട്ടുകാർ അറിയിച്ചതിനെ തുടർന്നാണ് വനംവകുപ്പ് അധികൃതരെത്തി പരിശോധിച്ചത്. തിരുവിഴാംകുന്ന്

മയക്കുവെടിവച്ച ആനയെ ഉദ്യോഗസ്ഥർ പരിശോധിക്കുന്നു.

ഇരട്ടവാരി കരടിയോട് ഭാഗത്തുവച്ചാണ് വനംവകുപ്പിന്റെ നേതൃത്വത്തിൽ മയക്കുവെടിവച്ചത്. ആനയെ വനപാലകർ നിരീക്ഷിച്ചുവരികയാണ്. വൈകീട്ട് നാലുമണിയോടെ കയർകൊണ്ടു ബന്ധിച്ച് ഉദ്യോഗസ്ഥർ പരിശോധിച്ചു.

കുറച്ചുദിവസങ്ങളായി ഈ ആന ജനവാസമേഖലയിലുണ്ട്. ഇന്നലെ പുലർച്ചെയോടെ കരടിയോടു ഭാഗത്ത് ആനയെ കണ്ട നാട്ടുകാർ വനംവകുപ്പിനെ വിവരം അറിയിക്കുകയായിരുന്നു. വനപാലകരെത്തി ആനയെ നിരീക്ഷിച്ചപ്പോഴാണ് കാലിലെ പരിക്കുകണ്ടത്. തുടർന്ന് ചികിത്സ നൽകാൻ തീരുമാനിക്കുകയായിരുന്നു.

ഇതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി സർജൻ ഡോ. ഡേവിഡ് എബ്രഹാമിനെ സ്ഥലത്തെത്തിച്ചു. തുടർന്ന് പത്തരയോടെ ആനയെ മയക്കുവെടിവച്ചു. ആനയ്ക്ക് പത്തു വയസു കണക്കാക്കുന്നു.

വെടിയേറ്റ ആന വീടുകളുടെ സമീപത്തെ റബർതോട്ടത്തിലേക്ക് കയറിയത് ഭീതിപരത്തി. പിന്നീട് സ്വകാര്യ വ്യക്തിയുടെ പറമ്പിലെത്തി. ആന മയങ്ങിയശേഷം ചികിത്സ നൽകി കാട്ടിലേക്ക് തിരിച്ചുവിടും.

മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ എൻ. സുബൈർ, തിരുവിഴാംകുന്ന് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ കെ. സുനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ, സൈലന്റ് വാലി റേഞ്ച് എന്നിവിടങ്ങളിൽനിന്നുള്ള വനപാലകരും ദ്രുതപ്രതികരണ സേനാംഗങ്ങളും സ്ഥലത്തുണ്ട്. മണ്ണാർക്കാട് പോലീസും സ്ഥലത്തെത്തിയിട്ടുണ്ട്. കാഴ്ചക്കാരെ നിയന്ത്രിക്കാനും പോലീസ് പാടുപെട്ടു.

ഒരുമനയൂരിൽ പട്ടാപ്പകൽ നാടൻബോംബ് സ്ഫോടനം; യുവാവ് കസ്റ്റഡിയിൽ

ചാവക്കാട്: ഒരുമനയൂരിൽ റോഡരികിൽ പട്ടാപ്പകൽ നാടൻബോംബ് പൊട്ടിച്ച യുവാവ് പിടിയിൽ. ഒരുമനയൂർ പഞ്ചായത്തിലെ മുത്തമ്മാവിനു കിഴക്ക് ആറാം വാർഡിൽ ശാഖ റോഡിൽ ഇന്നലെ ഉച്ചയ്ക്ക് രണ്ടിനു ശേഷമാണ് ഉഗ്രശബ്ദത്തോടെ പൊട്ടിത്തെറി യുണ്ടായത്. സ്ഫോടനം അറിഞ്ഞ് പരിസരവാസികൾ ഓടിയെത്തി. പുകയും പൊട്ടിത്തെറിയുടെ അവശിഷ്ടങ്ങളുംകണ്ട് ഇവർ പോലീസിൽ വിവരമറിയിച്ചു. പരിശോധനയിൽ സ്ഥലത്ത് പെള്ളാരങ്കല്ലു പോലുള്ള വസ്തുക്കളും കുപ്പിച്ചില്ലുകളും കണ്ടെത്തി. വെളുത്ത തുണിയിൽ ഗുണ്ടും കുപ്പിച്ചില്ലുകളും പൊതിഞ്ഞ നിലയിലാണ്. പോലീസ് സമീപത്തെ സിസിടിവി പരിശോധിച്ചാണ് യുവാവിനെ കസ്റ്റഡിയിലെടുത്തത്. ഒരുമനയൂരിൽ താമസിക്കുന്ന കാളത്തോട് സ്വദേശിയായ ഷെഫീക്ക്(30) ആണ് കസ്റ്റഡിയിലുള്ളത്. സ്ഥലത്ത് ബോംബ് സ്ക്വാഡും പോലീസും പരിശോധന തുടരുകയാണ്. ഗുരുവായൂർ എസിപി സുന്ദരൻ, ചാവക്കാട് എസ്ഐ യു. ശ്രുതി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

ഷെഫീക്ക് ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയാണെന്ന് പോലീസ് അറിയിച്ചു. ഇയാളുടെ കൈവശമുണ്ടായിരുന്ന നാടൻബോംബാണ് പൊട്ടിത്തെറിച്ചതെന്നാണ് പ്രാഥമിക കണ്ടെത്തൽ. പോലീസ് ചോദ്യംചെയ്യൽ തുടരുകയാണ്. ഇയാളുടെ വീട്ടിലും പരിശോധന നടത്തി.

എൻ.കെ. അക്ബർ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് വിജിത സന്തോഷ്, പ്രതിപക്ഷ നേതാവ് കെ.ജെ. ചാക്കോ, വാർഡ് മെമ്പർ സിന്ധു അശോകൻ തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.

സ്ഫോടനം നടന്ന ഒരുമനയൂരിൽ അധികൃതർ പരിശോധന നടത്തുന്നു.

ലീഗൽ മെട്രോളജി ഇൻസ്പെക്ടറെ തടഞ്ഞ കേസിൽ വ്യാപാരി നേതാവ് ഉൾപ്പടെ മൂന്നുപേർക്കു തടവും പിഴയും

കൊടുങ്ങല്ലൂർ: വ്യാപാരസ്ഥാപനത്തിൽ പരിശോധനയ്ക്ക് എത്തിയ ലീഗൽ മെട്രോളജി ഇൻസ്പെക്ടറെ തടഞ്ഞ കേസിൽ വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ ജനറൽ സെക്രട്ടറി ഉൾപ്പടെ മൂന്നുപേരെ കോടതി ശിക്ഷിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി എൻ.ആർ. വിനോദ്കുമാർ, കൊടുങ്ങല്ലൂരിലെ ഗിഫ്റ്റ് ഹൗസ് ഉടമ സലീൽ, മാനേജർ അനൂപ് എന്നിവരെയാണു കൊടുങ്ങല്ലൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചത്.

വിനോദ്കുമാറിന് ആറുമാസം തടവും സലീൽ, അനൂപ് എന്നിവർക്ക് മൂന്നുമാസം തടവും 5000 രൂപ പിഴയുമാണു ശിക്ഷ. തുടർന്ന് മൂന്നുപേർക്കും കോടതി ജാമ്യവും അപ്പീൽ സമർപ്പിക്കാൻ ഒരു മാസത്തെ കാലാവധിയും അനുവദിച്ചു. 2016 ഒക്ടോബർ മാസത്തിലാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. കൊടുങ്ങല്ലൂർ വടക്കേ നടയിലുള്ള ഗിഫ്റ്റ് ഹൗസ് എന്ന സ്ഥാപനത്തിൽ മുൻകൂർ നോട്ടീസ് ഇല്ലാതെ പരിശോധന നടത്താൻ എത്തിയ ഉദ്യോഗസ്ഥരെയാണ് വ്യാപാരികൾ തടഞ്ഞത്. സർക്കാരിനുവേണ്ടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ജെയിംസ് ഹാജരായി.

വന്ദേഭാരത് വൺവേ പ്രത്യേക സർവീസ് നടത്തും

വലിയതുറ: കൊച്ചുവേളിയിൽ നിന്ന് മംഗളൂരുവിലേക്കു തിങ്കളാഴ്ച വന്ദേഭാരത് (06001) വൺവേ പ്രത്യേക സർവീസ് നടത്തും. യാത്രക്കാരുടെ വേനൽക്കാലത്തെ അവധി കഴിഞ്ഞുള്ള തിരക്ക് കണക്കിലെടുത്താണു സർവീസ്. രാവിലെ 10.45ന് കൊച്ചുവേളിയിൽനിന്നു പുറപ്പെടുന്ന ട്രെയിൻ രാത്രി 10ന് മംഗളൂരുവിൽ എത്തിച്ചേരും. 11.15 മണിക്കൂറാണു യാത്രാ സമയം. എട്ട് കോച്ചുകളാണ് ട്രെയിനിൽ സജ്ജമാക്കിയിട്ടുള്ളത്.

അനധികൃതമായി സൂക്ഷിച്ച അലോപ്പതി മരുന്നുകൾ പിടികൂടി

ആനക്കര: കപ്പൂർ കൂനംമൂച്ചി പാറക്കലിൽ അനധികൃതമായി സൂക്ഷിച്ച അലോപ്പതി മരുന്നുകൾ പിടികൂടി. ജില്ലാ ഡ്രഗ് ഇൻസ്പെക്ടറുടെ ഓഫീസിൽ ഇ-മെയിൽ വഴി ലഭിച്ച പരാതിയെത്തുടർന്ന് ജില്ലാ ഡ്രഗ് കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. അനധികൃതമായി സൂക്ഷിച്ച സൈക്കോ ട്രോപിക്, ആന്റിബയോട്ടിക്, ഷെഡ്യൂൾ എച്ച് വൺ വിഭാഗത്തിൽ പെടുന്നവയും മാരക അസുഖങ്ങൾക്കുള്ളവയും അടക്കം പതിനായിരക്കണക്കിനു രൂപ വിലവരുന്ന മരുന്നുകളാണ് കൂനംമൂച്ചി പാറക്കൽ പള്ളിക്കു സമീപത്തെ സ്വകാര്യ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽനിന്നു പിടികൂടിയത്.

മുറിയിൽ വിവിധഭാഗങ്ങളിൽ ഒളിപ്പിച്ചനിലയിലായിരുന്നു മരുന്നുകൾ. അലോപ്പതി മരുന്നുകൾ വിതരണംചെയ്യാനുള്ള ലൈസൻസോ മരുന്നുകൾ വാങ്ങിയതിന്റെ ബില്ലുകളോ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും സ്ഥാപനത്തിലെ പ്രതിനിധികൾക്ക് ഹാജരാക്കാൻ ആയില്ല. കെട്ടിടത്തിൽ ആയുർവേദ ഫാർമസി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പത്തിരിപ്പാല മണ്ണൂർ സ്വദേശി മുമ്പ് ആയുർവേദ, യുനാനി ചികിത്സ നടത്തിയിരുന്നു. ഇതിനോട് ചേർന്ന മുറിയിലാണ് മരുന്നുകൾ ഒളിപ്പിച്ചിരുന്നത്. ചികിത്സ നടത്തിയിരുന്നയാൾ ചൊവ്വാഴ്ച ഇവിടെ നിന്നു പോയതായി പറയുന്നു.

ഇയാൾ മന്ത്രവാദം ഉൾപ്പെടെ നടത്തിയിരുന്നത്രേ. പള്ളിയിൽ ജോലിക്കെത്തിയയാൾ പിന്നീട് ഇവിടെ താമസവും ചികിത്സയും തുടങ്ങുകയായിരുന്നു. പരാതികൾ ഉയർന്നതിനെത്തുടർന്ന് പള്ളിക്കമ്മിറ്റി ഇയാളെ പുറത്താക്കി. മരുന്നുകൾക്കൊപ്പം വിവിധ ഡോക്ടർമാരുടെ പേരുകളിലുള്ള വ്യാജ ലെറ്റർപാഡുകളും കണ്ടെത്തിയിട്ടുണ്ട്. ഇവിടെ അനധികൃതമായി മരുന്നു വില്പനയും ചികിത്സയും നടക്കുന്നതായി നാട്ടുകാർ ചാലിശേരി പോലീസിൽ പരാതി നൽകിയിരുന്നു.

പാറക്കൽപള്ളി കമ്മിറ്റി ഭാരവാഹികളുടെയും നാട്ടുകാരുടെയും പരാതിയിലാണ് ജില്ലാ ഡ്രഗ് ഇൻസ്പെക്ടർമാരായ ഡി. ദിവ്യ, എ.കെ. ലിജീഷ്, എ.കെ. ഷഫ്നാസ് എന്നിവരടങ്ങുന്ന സംഘം പരിശോധന നടത്തിയത്. പിടിച്ചെടുത്ത മരുന്നുകൾ പട്ടാമ്പി കോടതിയിൽ ഹാജരാക്കും. ഡ്രഗ് കൺട്രോൾ വിഭാഗം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് ചാലിശേരി പോലീസ് അറിയിച്ചു.

ദീപിക ക്ലാസിഫൈഡ്സ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9656207148

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2405-530425

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211 9746518466
K2403-527302

The Best Education for Your Future
BHARATA MATA COLLEGE OF COMMERCE & ARTS
CHOONDY, ALUVA
UG HONOURS PROGRAMMES OFFERED
BCA (Approved by AICTE)
BBA (Approved by AICTE)
B.Com. Finance & Taxation and Logistics Management
B.Com. Financial Markets and Logistics Management
BSW Development Social Work and Medical and Psychiatric Social Work
B.Sc. Cyber Forensics Network Security
APPLY NOW
GET IN TOUCH
0484-2837540
www.bmcca.edu.in
mail@bmcca.edu.in
*conditions apply
E2405-532809

നഴ്സിംഗ് & പാരാമെഡിക്കൽസ്
48 വർഷം പിന്നിട്ട ഭാരത് മാതായിൽ കേന്ദ്ര ഗവ. (NCVRT New Delhi) അംഗീകൃത രണ്ട് വർഷ തൊഴിലധിഷ്ഠിത Hospital Nursing & Midwifery, Medical Laboratory Technology, Radiology & Imaging Technology ഡിപ്ലോമ കോഴ്സുകളിൽ +2, VHSE, CBSE, any group കാർക്കും പ്രവേശനം. കോളേജ് ഹോസ്റ്റലുകളിൽ താമസം, ബാങ്ക് വായ്പ, പഠനാനന്തരം സ്റ്റൈപ്പൻഡോടുകൂടി ആശുപത്രി പരിശീലനവും ജോലിയും. ഓരോ ബാച്ചിലും 30 സീറ്റുകൾ. അഡ്മിഷന് ബന്ധപ്പെടുക.
ഭാരത് മാതാ കോളേജ്
താലൂക്ക് ആശുപത്രിക്ക് സമീപം, കുറവിലങ്ങാട്, കോട്ടയം.
www.bharathmathacollege.com
Ph: 04822-230294 9447030768, 9847630823
K2405-530833

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda Edappally
9447114567
K2406-533345

ദർഘാസ്
കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ ക്യാന്റീൻ ഒരു വർഷം നടത്തുന്നതിന് മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചു. അടങ്കൽതുക (പ്രതിമാസം) 1,25,000/- രൂപ. ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി: 05/07/2024 2.00 pm. ടെണ്ടർ തുറന്നു പരിശോധിക്കുന്ന തീയതി: 10/07/2024 2.30 മണിക്ക്. ഫോമിന്റെ വില: 100/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 0480 2812391
340/F3/2024/I&PRD
R2406-534599

കാർമ്മൽ ഹോം നേഴ്സിംഗ്
രോഗീ പരിചരണം (M/F) ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവ ശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കാർമ്മൽ ഹോം നേഴ്സിംഗ്
കോതമംഗലം
Govt അംഗീകൃതം
Ph: 7558[illegible]1655, 9746261685
E2406-533623

വീട് സ്ഥലം ആവശ്യമുണ്ട്
കേരളത്തിലെ No.1 റിയൽഎസ്റ്റേറ്റ് പോർട്ടലായ realkairali.com വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വിടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24
Z2402-522716

SSLC/+2 ക്കാർക്ക് സുവർണ്ണാവസരം
GNM, BSS രണ്ടുവർഷ നഴ്സിംഗ്, ലാബ്, ഫാർമസി, ഡയാലിസിസ്, OT, X-Ray, CT & MRI, BPT കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. രണ്ടാം വർഷം സൗജന്യ താമസവും സ്റ്റൈഫന്റും (5000- 8000), സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം
St. Xaviers School of Nursing
Near Bus Stand, Kuruppanthara
Ph: 9188737830 9526668857
K2406-532811

LAW ENTRANCE COACHING
CLAT, AILET, LSAT 2025
Classes starts on 20.06.2024
Long term & Regular
Contact: Biju :+91 7902273888
Jobymol :+91 9495289591
ELIZABETH International
IInd Floor, Mareena Towers
Kattakkayam Road, PALA
elizabethinternationalpala@gmail.com
K2406-532735

EL SOL POWER SOLUTIONS PVT LTD
78000 രൂപ ഗവൺമെന്റ് സബ്സിഡിയോടുകൂടി സോളാർ സ്ഥാപിക്കാം. കേരളത്തിൽ ഏറ്റവും കൂടുതൽ MNRE സബ്സിഡി പ്രോജക്ട് ചെയ്ത് പരിചയം.
കഴിഞ്ഞ 7 വർഷമായി, 2500 ന് മുകളിൽ കസ്റ്റമേഴ്സും തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫീസും.
7902222947, 7902222878
K2406-533090

Valavi & Co
Near Market Bridge Broadway
Ernakulam
Ph: 0484 235 3765
9074885863
Mail: brovalavi@gmail.com
E2405-531294

കുട്ടികളുടെ ദീപിക

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : 02/EE/PHD/TSR/2024-25. സ്റ്റേറ്റ് പ്ലാൻ 2023-24 നെല്ലിക്കുന്ന് പൈപ്പ് ലൈൻ പദ്ധതി- പമ്പിങ്ങും പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി സമർപ്പിക്കേണ്ട അവസാന തീയതി : 05-07-2024 03:00 pm ഫോൺ: 0487 2333070. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in
(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-136-2024-25 PH ഡിവിഷൻ, തൃശ്ശൂർ
R2406-534604

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017
Ref: TCR/RO/REC/SAR/SN/ABI/54/2024-25 തീയതി : 13.06.2024
ഇ-ലേല വിൽപ്പന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.
(1). ശ്രീ. രാജേഷ് കെ. എച്ച്, കമ്പ്രത്ത് ഹൗസ്, മുല്ലശ്ശേരി, തൃശ്ശൂർ - 680509. (2). ശ്രീ. ജിജോർ കെ എ, കൈലത്തു വളപ്പിൽ ഹൗസ്, വിദ്യാ നഗർ, പാടുക്കാട് തുരുത്ത്, തൃശ്ശൂർ - 680010. (3). ശ്രീ. വേണുഗോപാൽ @ വേണുഗോപാലൻ, വെണ്ണേങ്ങോട്ട് ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി, തൃശ്ശൂർ - 680509. (4). കുമാരി. വിനി, വെണ്ണേങ്ങോട്ട് ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി, തൃശ്ശൂർ - 680509
താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, തൃശ്ശൂർ ഹൈ റോഡ് ബ്രാഞ്ചിൽ (സെക്യൂരഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ ഭൗതികമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 12.06.2024 തീയതിക്ക് രൂ. 2,80,87,663.72/- (രണ്ട് കോടി എൺപത് ലക്ഷത്തി എൺപത്തിയെഴായിരത്തി അറുന്നൂറ്റി അറുപത്തിമൂന്ന് രൂപ എഴുപത്തിരണ്ട് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ പൂങ്കുന്നം ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ? "എങ്ങിനെയാണോ? "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ 02.08.2024 ന് വിൽപന നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു
വസ്തുവിന്റെ വിവരണം:
വസ്തു ഉടമയുടെ പേര്: ശ്രീ. സുജിത്ത് രാമകൃഷ്ണൻ. സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, എങ്കക്കാട് വില്ലേജിൽ പഴയ സർവ്വെ നമ്പർ 686/p, 683/p, 682/1, 681/2p, റീ. സർവ്വെ നമ്പർ 301/1 ൽപെട്ട 30.95 ആർസ് (2.35 ആർസ്+4.70 ആർസ്+15.95 ആർസ്+7.75 ആർസ്) സ്ഥലവും അതോടൊപം 2400 Sq.ft. (ഏകദേശം) നിർമ്മിതി വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ നിർമ്മിതികളും മെച്ചപ്പെടുത്തലുകളും നിലവിലുള്ള അവകാശങ്ങളും അനുബന്ധങ്ങളും അടക്കം സുജിത്ത് രാമകൃഷ്ണൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതും വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ 09.01.2018 തീയതിയിലെ 98/2018-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിൽത്തിക്കൽ:- വടക്ക്: റോഡും നബീസ വക വസ്തുവും മുതലായവ. തെക്ക്: ജാബിർ വക വസ്തുവും മുതലായവ. കിഴക്ക്: വഴിയും ഹുസൈൻ വക വസ്തുവും മുതലായവ. പടിഞ്ഞാറ്: വഴിയും ബഷീർ വക വസ്തുവും മുതലായവ.
കരുതൽ വില: രൂ. 1,89,21,000/-
(ഒരു കോടി എൺപത്തിയൊമ്പത് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD): രൂ. 18,92,100/-
(പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം)
വൈകീട്ട് 05.00 ന് 01.08.2024 നോ അതിനുമുമ്പോ അടയ്ക്കേണ്ടതാണ്
ലേല വർദ്ധന : രൂ. 10,000/- (പതിനായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തീയതിയും സമയവും: 02.08.2024 രാവിലെ 10.30 മുതൽ രാവിലെ 11.00 വരെ
(വിൽപന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:
ചുമതലപ്പെടുത്തിയ ഓഫീസർ 01.01.1995 മുതൽ 17.03.2024 വരെ വസ്തുവിനെ സംബന്ധിച്ച് EC/ തിരയൽ റിപ്പോർട്ട് നേടിയിട്ടുണ്ട്, അതിൽ യാതൊരു ബാധ്യതയും ഇല്ല.
ലേല വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂരഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്
വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേല സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ഡെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, പൂങ്കുന്നം ബ്രാഞ്ചുമായോ ബന്ധപ്പെടുക. ചുമതലപ്പെടുത്തിയ ഓഫീസർ
തീയതി: 13.06.2024 സ്ഥലം: തൃശ്ശൂർ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്
T2406-534610

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017
Ref: TCR/RO/REC/SAR/SN/ABI/52/2024-25 തീയതി : 13.06.2024
ഇ - ലേല വിൽപ്പന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.
വായ്പക്കാർ/ജാമ്യക്കാർ :- (1). ശ്രീമതി. ദിവ്യ സുജിത്ത് (2). ശ്രീ. സുജിത്ത് രാമകൃഷ്ണൻ, ഇരുവരുടെയും വിലാസം: തോട്ടപ്പറമ്പിൽ ഹൗസ്, തൃത്തല്ലൂർ പോസ്റ്റ്, തൃശ്ശൂർ - 680619
താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, പൂങ്കുന്നം ബ്രാഞ്ചിൽ (സെക്യൂരഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ ഭൗതികമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 12.06.2024 - ാം തീയതിക്ക് രൂ. 2,09,66,297.99/- (രണ്ട് കോടി ഒമ്പത് ലക്ഷത്തി അറുപത്തിയാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി യേഴ് രൂപ തൊണ്ണൂറ്റിയൊമ്പത് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ പൂങ്കുന്നം ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ? "എങ്ങിനെയാണോ? "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ 02.08.2024 ന് വിൽപന നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ